			രൂപ (ലക്ഷത്തിൽ)	
			ഗ്രാന്റ്	ലോൺ
1.	കൃഷി	..	1814.00	290.00
2.	വനം, പരിസ്ഥിതി	..	377.84	78.46
3.	ആരോഗ്യം, കുടുംബാസൂത്രണം	..	7084.93	
4.	ഹ്യൂമൺ റിസോഴ്സസ് ഡവലപ്മെന്റ്	..	3273.225	
5.	നിയമം	..	149.44	
6.	നോൺ കൺവെൻഷണൽ എനർജി	..	62.00	
7.	ഗ്രാമവികസനം	..	24.87	
8.	ടെക്സ്റ്റൈൽസ്	..	24.13	
9.	നഗര വികസനം	..	79.00	
10.	ജലവിഭവം	..	5.36	
11.	സോഷ്യൽ ജസ്റ്റീസ്	..	11.164	
			12905.959	368.46

മേൽ കാണുന്ന പ്രകാരം 129.06 കോടി രൂപ ഗ്രാന്റായും 3.68 കോടി രൂപ ലോണായും ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറെയും സംസ്ഥാനമാണ് ആദ്യം ചെലവ് വഹിക്കുന്നത്. പിന്നീട് കേന്ദ്രം തിരിച്ചുനൽകുന്നു. പ്രസ്തുത സാഹചര്യത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ട് അത് വിനിയോഗിക്കാതിരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സാമ്പത്തിക വർഷം പൂർത്തിയാകാൻ ഇനിയും രണ്ടു മാസം ശേഷിക്കെ ലക്ഷ്യമിട്ടിരുന്ന തുക പൂർണ്ണമായും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പഴം, പച്ചക്കറി തോട്ടങ്ങൾ

*17 [227] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മമ്മൂട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി എന്നിവയ്ക്ക് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ സംസ്ഥാനത്ത് ഇവയുടെ കൃഷി വർദ്ധിപ്പിക്കാൻ പദ്ധതികൾ നിലവിലുണ്ടോ;

(ബി) കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പഴം, പച്ചക്കറിത്തോട്ടങ്ങൾ സംസ്ഥാനത്തുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇവ കൃഷി ചെയ്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. സംസ്ഥാനത്ത് പഴം, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കൃഷിവകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:

പച്ചക്കറി വികസനം:

1. നല്ലയിനം വിത്തുൽപ്പാദനവും വിതരണവും
2. പരമ്പരാഗത മേഖലയിൽ 1,400 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി പ്രോൽസാഹനം
3. 100 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറിയുടെ ജൈവകൃഷി പ്രോൽസാഹനം
4. നല്ലയിനം വിത്തുകളും, സങ്കരയിനത്തിൽപ്പെട്ട വിത്തുകളും ഉപയോഗിച്ച് ശാസ്ത്രീയപച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കൽ
5. ഹരിതസംഘങ്ങൾ മുഖേന പച്ചക്കറിക്കുള്ള വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
6. പ്രാദേശിക ഇനങ്ങളുടെ പ്രോൽസാഹനത്തിനായുള്ള ഗവേഷണവും വികസനവും.

മേൽ സൂചിപ്പിച്ച ഘടകങ്ങൾക്കായി മൊത്തത്തിൽ 100 ലക്ഷം രൂപ ചെലവഴിച്ചു വരുന്നു.

ഫലവർഗ്ഗ വികസനം:

1. കയറ്റുമതി ലക്ഷ്യമാക്കിക്കൊണ്ടുള്ള വാഴക്കൃഷി വികസനം
2. കൈതച്ചക്ക കൃഷി വികസനം
3. മാതളങ്ങാ കൃഷി പ്രോൽസാഹനം
4. മാങ്ങ, പപ്പായ, പേര എന്നിവയുടെ കൃഷി പ്രോൽസാഹിപ്പിക്കൽ
5. നടീൽ വസ്തുക്കളുടെ ലഭ്യതയ്ക്കായി ഫലവർഗ്ഗ നഴ്സറികൾ പ്രോൽസാഹിപ്പിക്കൽ.

മേൽ ഘടകങ്ങൾക്കായി മൊത്തത്തിൽ 100 ലക്ഷം രൂപ ചെലവഴിച്ചുവരുന്നു. മേൽ സൂചിപ്പിച്ച പദ്ധതി ഘടകങ്ങളിൽ പരമ്പരാഗത മേഖലയിലെ പച്ചക്കറി കൃഷി, കയറ്റുമതി ലക്ഷ്യമാക്കിക്കൊണ്ടുള്ള വാഴക്കൃഷി, കൈതച്ചക്ക കൃഷി വികസനം എന്നിവ പൂർണ്ണമായും കയറ്റുമതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ട് കാർഷിക കയറ്റുമതി മേഖല എന്ന പദ്ധതിയിൽ ഉൾക്കൊള്ളിച്ചാണ് നടപ്പിലാക്കുന്നത്. കാർഷിക കയറ്റുമതി മേഖലയ്ക്ക് നടപ്പ് ബജറ്റിൽ 287 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിലും പഴം, പച്ചക്കറി കൃഷിയും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലെ പഴം, പച്ചക്കറി തോട്ടങ്ങൾ കൃഷിവകുപ്പ് നേരിട്ടുനടത്തുന്നവയാണ്.

(സി) കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 4 ഫാമുകളിൽ അതായത് ബനാന നഴ്സറി പെരിങ്ങമ്മല, സ്റ്റേറ്റ് വെജിറ്റബിൾ ഫാം വണ്ടിപ്പെരിയാർ, പാലക്കാട് ജില്ലയിലെ എരുത്താംപതി ഫാം എന്നിവിടങ്ങളിൽ പഴം, പച്ചക്കറി എന്നിവയുൾപ്പെടെ കൃഷി ചെയ്യുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്.

വികസനപ്രവർത്തനങ്ങൾക്കായി എടുത്ത വായ്പ

*18 [228] ശ്രീ. വർക്കല കഹാർ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസനപ്രവർത്തനങ്ങൾക്കായി എന്തു തുക വായ്പ എടുത്തു; അതിന്റെ എത്ര ശതമാനം പ്രസ്തുത ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്തെടുത്ത വായ്പയുടെ എത്ര ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുള്ളത് എന്നു പറയാമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസന പ്രവർത്തനങ്ങൾക്കായി ജി.ഐ.സി., എൽ.ഐ.സി., എൻ.സി.ഡി.സി. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 1458.20 കോടി രൂപയും പൊതുവിപണിയിൽനിന്നും 2419.13 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽനിന്നും 2628.26 കോടി രൂപയും വായ്പയെടുക്കുകയും അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക റീ-ഇംപേഴ്സ്മെന്റ് വായ്പയായി നബാർഡിൽനിന്നും 323.08 കോടി രൂപയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ലഭിച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്.

(ബി) മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

വാനില കൃഷി

*19 [229] ശ്രീ. കെ. ബാബു:
,, എം. പി. ഗംഗാധരൻ:
,, ലൂഡി ലൂയിസ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാനില കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly